"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശഭരണസ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി – കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.591/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/02/2021

പരാമർശം:- 1 30.06.2020 ലെ സ.ഉ (കൈ)നം.103/2020/തസ്വഭവ

2 11/01/2021 ലെ സ.ഉ(കൈ)നം.4/2021/തസ്വഭവ

3 26.01.2021 ലെ സ.ഉ(സാധാ)നം. 210/2021/തസ്വഭവ

4 08.02.2021 ലെ സ.ഉ(സാധാ)നം.340/2021/തസ്വഭവ

**ഉത്തരവ്**

തദ്ദേശഭരണസ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 2 പ്രകാരം പുറപ്പെടുവിച്ചിരുന്നു. 2021-22 വർഷത്തേക്കുള്ള സംസ്ഥാന ബജറ്റ് തയ്യാറാക്കുന്ന സമയത്ത് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല. അതുകൊണ്ട് സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV ൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഭജിച്ച് നൽകിയിരുന്നില്ല. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഭജിച്ച് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകളെ അടിസ്ഥാനമാക്കി വാർഷിക പദ്ധതി തയ്യാറാക്കാൻ പരാമർശം 3 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഇവയുടെ അടിസ്ഥാനത്തിൽ ഭൂരിഭാഗം തദ്ദേശഭരണസ്ഥാപനങ്ങളും 2021-22 വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

2. കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേയ്ക്ക് നൽകേണ്ടതുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അടിയന്തിരമായി നൽകണമെന്ന് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിരിക്കുകയാണ്. പ്രോജക്ടുകളുടെ വിവരങ്ങൾ സമയബന്ധിതമായി കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേയ്ക്ക് നൽകുന്നതിൽ വീഴ്ച വന്നാൽ അടുത്ത വർഷത്തെ ആദ്യ ഗഡു തുക ലഭിക്കുന്നത് വൈകിയേക്കാം. ഈയൊരു സാഹചര്യം ഒഴിവാക്കേണ്ടതുണ്ട്. ആയതിനാൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപപദ്ധതി (CFC Sub Plan) അടിയന്തിരമായി തയ്യാറാക്കി 2021-22 വാർഷിക പദ്ധതിയുടെ

ഭാഗമാക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

3. തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള 2021-22 ലെ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഭജിച്ചു നൽകികൊണ്ട് ഏതാനും ദിവസങ്ങൾക്കകം ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. എന്നിരുന്നാലും ആ ഉത്തരവിനായി കാത്തിരിക്കാതെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപപദ്ധതി (CFC Sub Plan) തയ്യാറാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ തന്നെ ഏറ്റെടുക്കേണ്ടതാണ്. അതിനുള്ള നടപടിക്രമങ്ങൾ ചുവടെ വിവരിക്കുന്നു.

3.1. യഥാർത്ഥ വിഹിതം എത്രയെന്ന് അറിയുന്നതിന് ഏതാനും ദിവസങ്ങൾ കൂടി എടുക്കുമെങ്കിലും തൽക്കാലം നടപ്പ് വർഷത്തെ (2020-21) വിഹിതത്തെ അടിസ്ഥാനമാക്കി സി.എഫ്.സി സബ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

3.2. അടിസ്ഥാന വിഹിതം (Basic Grant), പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Specific Purpose Grant / Tied grant) എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലാണ്, നഗരസഞ്ചയങ്ങൾ (Urban Agglomerations) ഒഴികെയുള്ള മറ്റെല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഫണ്ട് ലഭിക്കുക. നഗര സഞ്ചയങ്ങൾക്ക് ടൈഡ് ഗ്രാന്റ് മാത്രമാണ് ലഭിക്കുക. ഓരോ വിഭാഗത്തിലും ഉൾപ്പെടുത്താൻ കഴിയുന്ന പ്രോജക്ടുകളുടെ പട്ടിക ഓരോ തദ്ദേശഭരണസ്ഥാപനവും മുൻഗണനാക്രമത്തിൽ പ്രത്യേകം തയ്യാറാക്കണം. ഓരോ വിഭാഗത്തിലും ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ടുകളെ സംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ നൽകുന്നു.

**(എ) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ**

- അടിസ്ഥാന വിഹിതം:- മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസന ഫണ്ട് വിനിയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും ഉപയോഗിക്കാം. ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അനുവദനീയമല്ല.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്:- (a) ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം, വെളിയിട വിസർജന വിമുക്ത പദവി (ODF status) നിലനിർത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ (b) കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലത്തിന്റെ പുനരുപയോഗവും പുനചംക്രമണവും (reuse/recycling of water) എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 50 ശതമാനം വീതം മുൻ ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള രണ്ട് നിർണ്ണായക സേവനങ്ങളിൽ ഓരോന്നിനും വിനിയോഗിക്കണം. രണ്ട് വിഭാഗങ്ങൾ (a & b) ഉള്ളതിൽ ഒരു വിഭാഗത്തിലെ ലക്ഷ്യം സമ്പൂർണ്ണമായെങ്കിൽ (saturated) വിഹിതം പൂർണ്ണമായി മറ്റേ വിഭാഗത്തിന് ഉപയോഗിക്കാം.

**(ബി) മുനിസിപ്പാലിറ്റികൾ (മലപ്പുറം നഗരസഞ്ചയം ഒഴികെ)**

- അടിസ്ഥാന വിഹിതം:- മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസന ഫണ്ട് വിനിയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും ഉപയോഗിക്കാം. ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അനുവദനീയമല്ല.

- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്:- (a) കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലത്തിന്റെ പുനരുപയോഗവും പുനചംക്രമണവും (reuse/recycling of water) (b)ശുചിത്വം (ഖര-ദ്രവ മാലിന്യ സംസ്കരണം ഉൾപ്പെടെ), ശുചിത്വത്തിൽ സ്റ്റാർ പദവി നേടുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 50 ശതമാനം വീതം മുൻ ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള രണ്ട് നിർണ്ണായക സേവനങ്ങളിൽ ഓരോന്നിനും വിനിയോഗിക്കണം. രണ്ട് വിഭാഗങ്ങൾ (a & b) ഉള്ളതിൽ ഒരു വിഭാഗത്തിലെ ലക്ഷ്യം സമ്പൂർണ്ണമായെങ്കിൽ (saturated) വിഹിതം പൂർണ്ണമായി മറ്റേ വിഭാഗത്തിന് ഉപയോഗിക്കാം.

**(സി) നഗരസഞ്ചയങ്ങൾ (Urban Agglomerations** – തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം നഗരസഞ്ചയങ്ങൾ)

- കുടിവെള്ളം, ശുചിത്വം, ഖര-ദ്രവ മാലിന്യ പരിപാലനം എന്നീ നിർണ്ണായക സേവനങ്ങൾക്ക് തുക വിനിയോഗിക്കാവുന്നതാണ്.

3.3 ഇതിനായി പ്രത്യേകം ഗ്രാമ/വാർഡ് സഭകളും വികസന സെമിനാറും ചേരേണ്ടതില്ല. എന്നാൽ തൊട്ടടുത്ത് ചേരുന്ന ഗ്രാമ/വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതാണ്.

3.4 സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതിയും യോഗം ചേർന്ന് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകണം. യഥാർത്ഥ വിഹിതം അറിവാകുമ്പോൾ അതിനു അനുസൃതമായി ഭരണസമിതിയുടെ അംഗീകാരത്തോടെ സുലേഖ സോഫ്റ്റ് വെയറിൽ പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

3.5 നഗരസഞ്ചയ പ്രദേശത്തെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പരാമർശം 1 ലെ ഉത്തരവിന്റെ ഖണ്ഡിക. 7.6 പ്രകാരമുള്ള നപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

3.6. വിഹിതം നിശ്ചയിച്ചുകൊണ്ട് ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ രണ്ട് ദിവസത്തിനകം തന്നെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി പ്രോജക്ടുകൾ (upload) ചെയ്യത്തക്ക വിധം ഇതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

3.7 കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപപദ്ധതി വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനു വേണ്ടി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച വാർഷിക പദ്ധതി ഡി.പി.സിയിൽ നിന്നും തിരിച്ചയച്ചുകൊടുക്കേണ്ടതാണ്. ഡി.പി.സി അംഗീകാരം പൂർത്തിയാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ നടപടി ഉത്തരവ് നൽകിയശേഷം തിരിച്ചയയ്ക്കണം. ഡി.പി.സി അംഗീകാര നടപടികൾ പൂർത്തിയായിട്ടില്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ

അംഗീകാരപ്രക്രിയ ഇപ്പോൾ പൂർത്തിയാക്കണമെന്നില്ല. അവ തിരിച്ച് നൽകാവുന്നതും സി.എഫ്.സി സബ് പ്ലാൻകൂടി ഉൾപ്പെടുത്തി പുനസമർപ്പിക്കുന്ന മുറയ്ക്ക് അംഗീകാര നടപടികൾ പൂർത്തിയാക്കാവുന്നതുമാണ്.

3.8 ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് പരാമർശം 4 പ്രകാരമുള്ള ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി ഉറപ്പാക്കണം.

3.9 പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവർ ദിനം പ്രതി ഇതിന്റെ പുരോഗതി വിലയിരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും

15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും

17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)

18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും

19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

21. ഡയറക്ടർ ജനറൽ, കില

22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്